# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3962 | 21.10.2016 ലെ മറുപടിക്ക്

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് സ്റ്റോപ്പ് മെമ്മോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് സ്റ്റോപ്പ് മെമ്മോ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് സ്വീകരിച്ച കാരണവും മാനദണ്ഡവും വിശദമാക്കുമോ; | (ബി) നഗരസഭാ പരിധിയിൽ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ, പുനർ നിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ ചെയ്യുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (കെ.എം.ബി.ആർ 99) അദ്ധ്യായം 2 ചട്ടം 4 പ്രകാരം നിയമാനുസൃത അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ഇത്തരത്തിൽ നിർമ്മാണാനുമതി ആവശ്യമില്ലാത്ത സർക്കാർ വകുപ്പുകളിൽ (കെ.എം.ബി.ആർ 99 ചട്ടം 9) കെ.എസ്.ആർ.ടി.സി. ഉൾപ്പെട്ടിട്ടില്ലാത്തതിനാലും, മാവേലിക്കര കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന മാവേലിക്കര വില്ലേജ് റീസർവ്വേ ബ്ലോക്ക് 66 ൽ 47,49,51,52,53,54,65,67 എന്നിവയിലുള്ള 61.21 ആർസ് വസ്തു മാവേലിക്കര വില്ലേജ് ബി.റ്റി.ആർ പ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റി വകയാണ്. ആയത് മാവേലിക്കര തഹസീൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം മാവേലിക്കര മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള വസ്തുവിൽ കെ.എസ്.ആർ.ടി.സി-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ അനുമതി ആവശ്യമാണ്. ബി.റ്റി.ആർ പ്രകാരം നഗരസഭയുടെ പേരിലുള്ള വസ്തു കെ.എസ്.ആർ.ടി.സി-യുടെ പേരിൽ വിട്ടുകൊടുക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതിയും ആവശ്യമാണ്. ആയതിനാലുമാണ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളത്. |

(തുടർച്ച.......2)

| | | |
|---|---|---|
| (സി) പ്രസ്തുത ഡിപ്പോയിൽ മുൻ എം.എൽ.എ.യുടെ നിർദ്ദേശാനുസരണം ഫണ്ട് അനുവദിച്ച് (എസ്.ഡി.എഫ്) കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭ നൽകിയ അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) യും (ഡി) യും | ബാധകമല്ല. |
| (ഡി) പ്രസ്തുത അനുമതിയ്ക്ക് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ